No.CEE/TA3/2597/2006

**കേരള സർക്കാർ**

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം**

# ബി.എഡ് പ്രവേശന പരീക്ഷ 2007

# വിജ്ഞാപനം

1. ഗവൺമെന്റ്/എയ്ഡഡ്/*സ്വാശ്രയ കോളേജുകളിലേയ്ക്ക് 2007-08 വർഷത്തെ ബി.എഡ് പ്രവേശനത്തിനുള്ള പരീക്ഷയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

* സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അലോട്ടുമെന്റ്, സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള റിട്ട് പെറ്റിഷൻ(സിവിൽ)ലെ വിധികളുടെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്കും വിധേയമായിരിക്കും.

**കുറിപ്പ്:** മേൽപറഞ്ഞിരിക്കുന്ന കോളേജുകളിലെ ബി.എഡ് കോഴ്സിനുള്ള സർക്കാർ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന, പ്രോസ്പെക്ടസ്സ് പ്രകാരം യോഗ്യതയുള്ള, അപേക്ഷാർത്ഥികൾ നിശ്ചിത ഫോറത്തിൽ അപേക്ഷിച്ച് പ്രവേശന പരീക്ഷ എഴുതേണ്ടതാണ്.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

(i) **നേറ്റിവിറ്റി:**

(എ) അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

(ബി) അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ/സ്ഥാപനങ്ങളിൽ XI മുതൽ ബിരുദം വരെയുള്ള ക്ലാസുകളിൽ അഞ്ചു വർഷം പഠിച്ചിരിക്കുകയോ, അല്ലെങ്കിൽ, അപേക്ഷകനോ അപേക്ഷകന്റെ മാതാവോ പിതാവോ കേരളത്തിൽ ജനിക്കുകയോ അല്ലെങ്കിൽ, അപേക്ഷകൻ കഴിഞ്ഞ 12 വർഷത്തിനിടയിൽ 5 വർഷം കേരളത്തിൽ താമസിച്ചിരിക്കുകയോ ചെയ്തിട്ടുള്ള പക്ഷം അപേക്ഷകനെ 'കേരളീയൻ' (കേരളൈറ്റ്) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തും.

(ii) **വിദ്യാഭ്യാസ യോഗ്യത:**

(എ) അപേക്ഷകൻ കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ, ഈ സർവ്വകലാശാലകൾ തത്തുല്ല്യമായി അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ 10+2+3 മാതൃകയിൽ, ഒരു പ്രധാന വിഷയവും രണ്ട് അനുബന്ധ വിഷയങ്ങളും പഠിച്ച് ബി.എ/ബി.എസ്.സി ബിരുദം നേടിയിരിക്കണം. അവസാനവർഷ യോഗ്യതാ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ്.

രണ്ട്/മൂന്ന് പ്രധാന വിഷയങ്ങൾ/വൊക്കേഷണൽ/സ്പെഷ്യലൈസ്ഡ് കോഴ്സുകൾ പഠിച്ച് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ മറ്റ് സർവ്വകലാശാലകളിൽ നിന്നോ വിജയിച്ച ബിരുദധാരികൾക്കും പ്രവേശനത്തിന് അപേക്ഷിക്കാം.

(ബി) വിവിധ ബി.എഡ് കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് ഡിഗ്രി തലത്തിൽ പാർട്ട്-I, പാർട്ട്-II,പാർട്ട്-III എന്നിവയ്ക്ക് മൊത്തമായി 45 ശതമാനം മാർക്കെങ്കിലും നേടിയിരിക്കണം.

**കുറിപ്പ്:** യോഗ്യതാപരീക്ഷയിൽ മാർക്ക് ഇളവ്: വാർഷിക കുടുംബ വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള SEBC വിഭാഗക്കാർക്കും OEC വിഭാഗങ്ങൾക്കും യോഗ്യതാപരീക്ഷയിൽ ലഭിച്ച ആകെ മാർക്കിൽ യഥാക്രമം 3 ശതമാനവും 5 ശതമാനവും ഇളവ് ലഭിക്കുന്നതാണ്. SC/ST വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷ ജയിച്ചാൽ മതിയാകും.

(iii) **വയസ്സ്:** ബി.എഡ്. കോഴ്സിന് അപേക്ഷിക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല

3. (എ) ബി.എഡ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം, പ്രവേശന പരീക്ഷ, യോഗ്യതാപരീക്ഷ എന്നിവയിൽ ലഭിച്ച മാർക്ക് 6:4 എന്ന അനുപാതത്തിൽ കണക്കാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർ, ലക്ഷദ്വീപ്, മാഹി എന്നിവടങ്ങളിൽ നിന്നുള്ള നോമിനികൾ, അന്ധവിദ്യാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല.

(ബി) **പ്രവേശന പരീക്ഷ:** 2007ലെ പ്രവേശന പരീക്ഷ ജൂലൈ മാസം 29-ാം തീയതി ഞായറാഴ്ച കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വെച്ച് നടത്തുന്നതായിരിക്കും. ഒബ്ജെക്ടീവ് മാതൃകയിലുള്ള പരീക്ഷയ്ക്ക് മൊത്തം 150 ചോദ്യങ്ങൾ ഉണ്ടായിരിക്കും:

കമ്മ്യൂണിക്കേഷൻ ഇൻ ഇംഗ്ലീഷ് (40 ചോദ്യങ്ങൾ), ജനറൽ നോളഡ്ജ് (40) റീസണിംഗ് (20), കമ്പ്യൂട്ടർ അവയർനെസ്സ് (20), അപ്റ്റിറ്റ്യൂഡ് ഫോർ ടീച്ചിംഗ് (30)

**അപേക്ഷാഫോറം:**

(എ) ഒന്നോ അതിൽ കൂടുതലോ ബി.എഡ് കോഴ്സുകൾക്കായി അപേക്ഷിക്കുന്നവർ പൊതുവായി ഒരു അപേക്ഷ സമർപ്പിച്ചാൽ മതി.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അപേക്ഷകർ ഇളം നീല നിറത്തിലുള്ള അപേക്ഷാഫോറത്തിലും മറ്റുള്ളവർ വെളുത്ത നിറത്തിലുള്ള ജനറൽ അപേക്ഷാഫോറത്തിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) **അപേക്ഷാഫോറത്തിന്റെ വില:** ജനറൽ വിഭാഗം - 400/- രൂപ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം - 200/- രൂപ

(ഡി) **അപേക്ഷാഫോറം വില്പന കേന്ദ്രങ്ങൾ** : അപേക്ഷാഫോറവും പ്രോസ്പെക്ടസ്സും 07-06-2007 വ്യാഴാഴ്ച മുതൽ 28-06-2007 വ്യാഴാഴ്ച വരെ കാനറാ ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട ശാഖകൾ (ലിസ്റ്റ് **cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്) വഴി വില്ക്കുന്നതാണ്. അപേക്ഷാഫോറത്തിന്റെ വില, വിതരണ കേന്ദ്രത്തിൽ നേരിട്ട് അടച്ച് അപേക്ഷാഫോറം കൈപ്പറ്റാവുന്നതാണ്. അപേക്ഷാഫോറം ലഭിക്കുന്ന കനറാ ബാങ്ക് ശാഖകളുടെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നോ തപാൽ മാർഗ്ഗമോ അപേക്ഷാഫോറം ലഭിക്കുന്നതല്ല.

(ഇ) **അപേക്ഷാഫോറത്തിനൊപ്പം ലഭിക്കുന്നവ**: ബാങ്കിൽ നിന്നും അപേക്ഷാഫോറം വാങ്ങുമ്പോൾ അപേക്ഷാഫോറത്തോടൊപ്പം പ്രോസ്പെക്ടസ്സും, ഒ.എം.ആർ ഡേറ്റാ ഷീറ്റും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽവിലാസം രേഖപ്പെടുത്തിയിട്ടുള്ള ഒരു കവറും, എല്ലാ അപേക്ഷകർക്കും ലഭിക്കുന്നതാണ്. **അപേക്ഷാഫോറം, ഒ.എം.ആർ ഡേറ്റാ ഷീറ്റ്, കവർ എന്നിവയുടെ ക്രമനമ്പർ ഒന്നുതന്നെയാണെന്ന് അപേക്ഷകർ വില്പന കേന്ദ്രത്തിൽ നിന്നും അപേക്ഷ വാങ്ങുമ്പോൾത്തന്നെ ഉറപ്പു വരുത്തേണ്ടതാണ്.**

5. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും** സമയവും: പൂരിപ്പിച്ച അപേക്ഷാഫോറവും ഒ.എം.ആർ ഡേറ്റാ ഷീറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റ് രേഖകളും അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള പരീക്ഷാ കമ്മീഷണറുടെ മേൽവിലാസം രേഖപ്പെടുത്തിയ കവറിൽത്തന്നെ 2007 ജൂൺ 28-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ, സ്പീഡ് പോസ്റ്റ് വഴിയോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ അവധി ദിവസങ്ങളിലും പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കും.

6. **വൈകി ലഭിക്കുന്ന അപേക്ഷകൾ**: വൈകി ലഭിക്കുന്ന അപേക്ഷകൾ നിരാകരിക്കുന്നതാണ്. ആയതിനാൽ പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ എത്രയും നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

8. അപേക്ഷാഫോറത്തിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് പ്രോസ്പെക്ടസ്സിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോറത്തിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു കാരണവശാലും പരിഗണിക്കപ്പെടുന്നതല്ല.

9. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

10. പ്രവേശന പരീക്ഷകളും അതിന്റെ അടിസ്ഥാനത്തിലുള്ള അലോട്ടുമെന്റും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. പ്രോസ്പെക്ടസ്സ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **"cee-kerala.org"**എന്ന വെബ് സൈറ്റിൽ ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ പരിശോധിക്കേണ്ടതാണ്.

തിരുവനന്തപുരം
05-06-2007

**പ്രവേശന പരീക്ഷാ കമ്മീഷണർ**